## എറണാകുളം ജില്ല വിദ്യാഭ്യാസ ഉപഡയറക്ടറുടെ നടപടി ഉത്തരവ്.
## (ഹാജർ : ഹണി ജി.അലക്സാണ്ടർ)

വിഷയം : പൊ.വി - ജീവനക്കാര്യം - സർക്കാർ പ്രൈമറി പ്രഥമാദ്ധ്യാപക തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം 2021-22 - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. 1997 - 2002, 2003 - 2005 കാലയളവിലെ പ്രൈമറി അധ്യാപകരുടെ സീനിയോരിറ്റി ലിസ്റ്റ്
2. 21.10.2021 ലെ നം. U2/364/2021-GEDN. സർക്കാർ കത്ത്
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 25.10.2021 തീയതിയിലെ എ2/1570/2020/ഡി.ജി.ഇ. നം. കത്ത്
4. ഈ കാര്യാലയത്തിൽ നിന്നുള്ള 26.10.2021,06.12.2021,18.12.21 23.12.2021,17.01.2022 തീയതികളിലെ ഇതേ നം.ഉത്തരവ്
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 30.11.2021 തീയതിയിലെ എ2/1570/2020/ഡി.ജി.ഇ. നം. കത്ത്

### ഉത്തരവ് നം.എ5/7286/2020, തീയതി 15.02.2022

പരാമർശം (3),(5) കത്തുകളിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിലെ നിലവിലെ സർക്കാർ പ്രൈമറി പ്രഥമാദ്ധ്യാപക തസ്തികയിലെ ഒഴിവുകളിലേക്ക് താഴെ പറയുന്ന പ്രൈമറി അദ്ധ്യാപകരെ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിലെ ക്രമപ്രകാരം KS&SSR-ലെ ചട്ടം 31(a)(i)-ൽ വിവക്ഷിക്കുന്ന വ്യവസ്ഥകൾ അടിസ്ഥാനപ്പെടുത്തി യോഗ്യത പരിഗണിക്കാതെ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി ഇതിനാൽ ഉത്തരവാകുന്നു. ഇപ്പോൾ നൽകുന്ന സ്ഥാനക്കയറ്റം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിലനിൽക്കുന്ന കേസുകളിലെ അന്തിമ വിധിക്ക് വിധേയമായിരിക്കുമെന്നും സ്ഥാനക്കയറ്റം ലഭിക്കുന്നവർക്ക് അതിന്റെ അടിസ്ഥാനത്തിൽ മറ്റവകാശങ്ങൾക്കോ ആനുകൂല്യങ്ങൾക്കോ അർഹതയുണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായിട്ടായിരിക്കും നടപ്പിൽ വരുത്തുന്നത്.

സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള അദ്ധ്യാപകർ ഉടൻ പ്രാബല്യത്തിൽ നിലവിലെ തസ്തികയിൽ നിന്നും വിടുതൽ ചെയ്ത് പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.സ്ഥാനക്കയറ്റം ലഭിച്ച അദ്ധ്യാപകർക്ക് നിലവിൽ ജോലി ചെയ്യുന്ന സ്ക്കൂളിൽ നിന്നും സ്ഥലംമാറ്റം ലഭ്യമായെങ്കിൽ ടി സ്ക്കൂളിലേക്ക് ഈ ഉത്തരവ് അടിയന്തിരമായി അയക്കേണ്ടതാണ്. സ്ഥാനക്കയറ്റം ലഭിച്ച അദ്ധ്യാപകർ സ്ക്കൂളിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുമ്പ് അവർ സ്ഥാനക്കയറ്റത്തിന് നിയമപ്രകാരം യോഗ്യത നേടിയിട്ടുണ്ടോ എന്ന് പ്രഥമാദ്ധ്യാപകൻ സേവനപുസ്തകവുമായി ഒത്തുനോക്കി ഉറപ്പുവരുത്തേണ്ടതും, **സ്ഥാനക്കയറ്റം ലഭിച്ചവർ നിലവിൽ സൂപ്പറാനുവേഷനിൽ പ്രവേശിച്ചിട്ടില്ലായെന്ന് ഉറപ്പാക്കേണ്ടതും 50 വയസ്സ് പൂർത്തീകരിക്കുകയോ അല്ലെങ്കിൽ ടെസ്റ്റ് യോഗ്യത നേടിയിട്ടുണ്ടോയെന്നും പരിശോധിക്കേണ്ടതുമാണ്.** അപാകതയുണ്ടെങ്കിൽ വിടുതൽ ചെയ്യാതെ വിവരം ഈ ഓഫീസിലേക്കറിയിക്കേണ്ടതുമാണ്.

| ക്രമ നം | റാങ്ക് നമ്പർ | അദ്ധ്യാപകരുടെ പേരും, സ്കൂളും | ജനന തീയതി | സ്ഥാനക്കയറ്റം നൽകി നിയമിക്കപ്പെട്ട സ്കൂൾ |
|---|---|---|---|---|
| 1 | 117 A (2003-05) | Aysha A.S.,P.D.Tr., GVHSS Pallarimangalam | 30.05.1973 | Govt.LPS Sreemoolanagaram |
| 2 | 151 (2003-05) | Latha V.R.,P.D.Tr., GBLPS Perumbavoor | 05.05.1970 | Govt. L. P. S. Elenthikara |

സ്ഥാനക്കയറ്റം ലഭ്യമായ പ്രൈമറി അദ്ധ്യാപകർക്ക് താൽക്കാലികമായോ, സ്ഥിരമായോ സ്ഥാനക്കയറ്റം ത്യജിക്കുന്നതിനുള്ള അപേക്ഷ ബന്ധപ്പെട്ട മാതൃകാഫോറത്തിൽ മേലധികാരി സാക്ഷ്യപ്പെടുത്തി ഉത്തരവ് തീയതി മുതൽ 7 ദിവസത്തിനകം ഈ കാര്യാലയത്തിൽ നേരിട്ട് സമർപ്പിക്കേണ്ടതാണ്.

സ്ഥാനക്കയറ്റം ലഭ്യമായ പ്രൈമറി അദ്ധ്യാപകർ വിടുതൽ ചെയ്യുന്നതും, പ്രൈമറി പ്രഥമാദ്ധ്യാപക തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതുമായ വിവരങ്ങൾ ബന്ധപ്പെട്ട സ്ക്കൂൾ മേധാവിയും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും ഈ കാര്യാലയത്തിൽ സമയബന്ധിതമായി അറിയിക്കേണ്ടതാണ്.

OFFICE OF THE DEPUTY DIRECTOR (EDUCATION) KOCHI-30 ERNAKULAM

ഹണി ജി.അലക്സാണ്ടർ
(പെൻ:260395)
വിദ്യാഭ്യാസ ഉപഡയറക്ടർ
എറണാകുളം

സ്വീകർത്താവ്,

1. എല്ലാ ജില്ലാ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
2. ബന്ധപ്പെട്ട എല്ലാ ഗവ.സ്കൂൾ പ്രഥമാദ്ധ്യാപകർക്കും
3. ബന്ധപ്പെട്ട എല്ലാ ഗവ.സ്ക്കൂൾ അദ്ധ്യാപകർക്കും
4. സെക്ഷൻ എ1, എ3, എ4 (വിദ്യാഭ്യാസ ഉപഡയറക്ട്രേറ്റ്, എറണാകുളം)
5. കരുതൽ ഫയൽ